**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗ നിയന്ത്രണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) |
| (എ) | കോവിഡ് രണ്ടാം തരംഗം ഉണ്ടായതിന്റെ ഫലമായി രാജ്യത്ത് ഏറ്റവുമധികം പ്രതിദിന രോഗബാധിതർ ഉള്ള സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിരിക്കുന്ന തിനാൽ രോഗവ്യാപനം അടിയന്തരമായി നിയന്ത്രണവിധേയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതന്ന് അറിയിക്കുമോ; | (എ) | കോവിഡ് വ്യാപനം തടയുന്നതിനായി വാർഡ് തലത്തിൽ ടെസ്റ്റ് നിരക്ക് കൂട്ടുകയും ടി.പി.ആർ അനുസരിച്ച് എ. ബി, സി, ഡി കാറ്റഗറിയായി തരം തിരിക്കുകയും ടി.പി.ആർ കൂടുതലുള്ള സ്ഥലങ്ങളിൽ ട്രിപ്പിൾ ലോക്ക്ഡൗൺ തുടരുകയും ചെയ്യുന്നുണ്ട്. ടി.പി.ആർ കുറയുന്നതിനനുസരിച്ച് മാത്രമാണ് ഇളവുകൾ നൽകുന്നത്. രോഗം സ്ഥിരീകരിച്ചവരെ ചികിത്സിക്കുകയും സമ്പർക്കവിലക്ക് ഏർപ്പെടുത്തുകയും ഇവരുടെ primary contact കൾക്കും സമ്പർക്കവിലക്ക് ഏർപ്പെടുത്തി Quarantine-ൽ ഇരുത്തി ടെസ്റ്റ് ചെയ്യിക്കുകയും ചെയ്യുന്നു. മാസ്ക്, സാമൂഹിക അകലം, സാനിറ്റൈസർ ഉപയോഗം കർശനമാക്കുകയും ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വാക്സിനേഷൻ വളരെ വേഗത്തിലാക്കാനുള്ള നടപടിയും കൈക്കൊണ്ടു പോകുന്നു. |
| (ബി) | ടി പി ആർ നിരക്ക് എത്ര ശതമാനത്തിൽ താഴെ എത്തുമ്പോഴാണ് WHO ഗൈഡ് ലൈൻ പ്രകാരം കൊവിഡ് നിയന്ത്രണ വിധേയമാണെന്ന് വിലയിരുത്തുന്നത്; | (ബി) | 5% ത്തിന് താഴെ രണ്ടാഴ്ച നീണ്ടു നിൽക്കുന്ന ടി.പി.ആർ വേണമെന്നാണ് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ട്രിപ്പിൾ ലോക്ക് ഡൗൺ ഏർപ്പെടുത്തിയിട്ടും ടി പി ആർ നിരക്ക് 10 ശതമാനത്തിൽ താഴെ എത്തിക്കുവാൻ സാധിക്കാത്തതിന്റെ കാരണങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ വ്യക്തമാക്കുമോ; | (സി) | രണ്ടാം തരംഗം കേരളത്തിലാരംഭിച്ചത് ഏപ്രിൽ ആദ്യവാരത്തിലാണ്. എന്നാൽ ഇന്ത്യയിൽ മറ്റ് പല സംസ്ഥാനങ്ങളിലും ഇത് വളരെ നേരത്തെ ആരംഭിച്ചിരുന്നു. തുടർന്ന് ജനിതക ശ്രേണീകരണത്തിലൂടെയാണ് ഇത് അതി വ്യാപനശേഷിയുള്ള ഡെൽറ്റ വകഭേദമാണെന്ന് കണ്ടെത്തിയത്. കേസുകൾ കൂടി വന്നെങ്കിലും കോവിഡ് മഹാമാരി മൂലം ബാധിക്കപ്പെട്ട സാമ്പത്തിക മേഖലയ്ക്ക് കോട്ടം തട്ടാതിരിക്കാൻ വാരാന്ത്യ ലോക് ഡൗൺ ഏർപ്പെടുത്താനാണ് |

| | | | |
|---|---|---|---|
| | | | സംസ്ഥാനം ആദ്യം ശ്രമിച്ചത്. ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത് അതിതീവ്രവ്യാപന ശേഷിയുള്ള വൈറസ് വകഭേദം കാരണം കോവിഡ് കേസുകൾ വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചപ്പോഴാണ് സമ്പൂർണ്ണ ലോക്ക്ഡൗണിലേയ്ക്ക് സംസ്ഥാനം നീങ്ങിയത്. ഇതിനെ തുടർന്ന് കേസുകളിലും ടി.പി.ആറിലുമുണ്ടായിരുന്ന വർധനവ് കുറഞ്ഞ് 10 ശതമാനമായി. ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ നൽകിയെങ്കിലും ഈ 10 ശതമാനത്തിൽ തന്നെ നിലനിർത്താൻ 4 ആഴ്ചയോളം സംസ്ഥാനത്തിനായി. ഈ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ടി.പി.ആർ അടിസ്ഥാനമാക്കിയാണ് കണ്ടെയിൻമെന്റ് സോണുകൾ നിശ്ചയിച്ചിരുന്നത്. എന്നാൽ ലോക്ഡൗണിൽ നൽകിയ ഇളവുകളെ തുടർന്ന് കേസുകൾ വീണ്ടു വർധിക്കുന്ന സാഹചര്യമുണ്ടായി. രോഗവ്യാപനം കൂടിയ സ്ഥലത്ത് പത്തിരട്ടി പരിശോധന നടത്തുക എന്നതാണ് കേരളത്തിന്റെ ടെസ്റ്റിംഗ് സ്ട്രാറ്റജി. അതിന്റെ ഫലമായി കൂടിയാണ് കേസുകളുടെ എണ്ണത്തിലും ടി.പി.ആറിലും വർധനവുണ്ടായിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്ത് കോവിഡ് ബാധിതരുടെ എണ്ണം കൂടുതൽ വർദ്ധിച്ച സാഹചര്യത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയം മുന്നറിയിപ്പ് നല്കിയിരുന്നോ; എങ്കിൽ എന്ത് മുന്നറിയിപ്പാണ് നൽകിയതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ഡി) | എല്ലാ സംസ്ഥാനങ്ങളുടെയും ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെയും അതിന്റെ വർദ്ധന സംബന്ധിച്ചും കാലാകാലങ്ങളിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ കേരളത്തിനു ലഭ്യമായിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്രം നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് കേരളത്തിൽ നടപടികൾ സ്വീകരിച്ചു വരാറുള്ളത്. |
| (ഇ) | കോവിഡ് മരണനിരക്ക് കുറച്ചു കാണിച്ചതിന്റെ ഫലമായി അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു എന്ന പരാതി ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | WHO-യുടെയും ICMR-ന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്. സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സമ്പ്രദായത്തിലൂടെയാണ്. കോവിഡ് മരണങ്ങളുടെ നഷ്ടപരിഹാരം സംബന്ധിച്ച് ബഹു. സുപ്രീംകോടതി നിരീക്ഷണം സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ ഒന്നും തന്നെ കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ